# കൃഷി വകുപ്പ് പ്രക്ഷോഭത്തിന്റെ ഭാഗമായി 03.08.0212 ന് തിരുവനന്തപുരത്ത് എൻ.ജി.ഒ. യൂണിയൻ ഹാളിൽ ചേർന്ന സർവ്വീസ് സംഘടനകളുടെ സംയുക്തയോഗത്തിന്റെ മിനുട്സ്

യോഗം 5 മണിക്ക് ആരംഭിച്ചു. വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് എ. ശ്രീകുമാർ, പി.എച്ച്.എം. ഇസ്മായിൽ, ടി.സി. മാത്തുക്കുട്ടി (എൻ.ജി.ഒ. യൂണിയൻ), കെ. ശിവകുമാർ, ടി. എസ്. രഘുലാൽ (കെ.ജി.ഒ.എ.), കെ. ശ്രീകണ്ഠൻ നായർ (ജോയിന്റ് കൗൺസിൽ), വി. എസ്. സുനിൽകുമാർ, സി. സജി (അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ്സ് അസോസിയേഷൻ ഓഫ് കേരള), ജെ. എൽ. സുമേഷ് (കെ.എ.ടി.എസ്.എ) എന്നിവർ പങ്കെടുത്തു. കെ. ശ്രീകണ്ഠൻ നായർ അദ്ധ്യക്ഷത വഹിച്ചു. സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ ഇതുവരെ നടത്തിയ പ്രക്ഷോഭത്തെക്കുറിച്ച് കെ. ശിവകുമാർ വിശദീകരിച്ചു. അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ്സ് അസോസിയേഷൻ ഓഫ് കേരള കൂടി പ്രക്ഷോഭത്തിൽ പങ്കെടുക്കുന്നത് സ്വാഗതാർഹമാണ്. വിശദമായ ചർച്ചകൾക്കുശേഷം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. കൃഷി വകുപ്പിലെ ക്രമവിരുദ്ധ സ്ഥലംമാറ്റങ്ങൾ റദ്ദാക്കുക; സ്ഥലംമാറ്റങ്ങൾക്ക് അംഗീകൃത മാനദണ്ഡങ്ങൾ പാലിക്കുക, കൃഷി വകുപ്പിലെ പ്രമോഷനുകൾക്കുള്ള കാലതാമസം ഒഴിവാക്കുക: അനർഹമായ പ്രമോഷൻ ഉത്തരവ് പിൻവലിക്കുക, കാർഷികമേഖല തകർക്കുന്ന സർക്കാർ നയം തിരുത്തുക എന്നീ ആവശ്യങ്ങൾ കൂടാതെ കൃഷിവകുപ്പിലെ സ്റ്റേറ്റ്–സബോർഡിനേറ്റ് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുക എന്ന ആവശ്യം കൂടി പ്രക്ഷോഭത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്താൻ തീരുമാനച്ചു.
2. പ്രക്ഷോഭത്തിന്റെ തുടർച്ചയായി 17.08.2012 (ചിങ്ങം 1) ന് പ്രതിഷേധദിനമായി ആചരിക്കാൻ തീരുമാനിച്ചു. അന്നേദിവസം കൃഷി ഉദ്യോഗസ്ഥർ ബാഡ്ജ് ധരിച്ച് ജോലി ചെയ്യുന്നതിനും ഉച്ചയ്ക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസുകൾക്കു മുന്നിൽ പ്രതിഷേധ പ്രകടനം നടത്തുന്നതിനും തീരുമാനിച്ചു.
3. ഇതിന്റെ ഭാഗമായി വിപുലവും സംയുക്തവുമായ പ്രചരണം സംഘടിപ്പിക്കണം.
4. പ്രചരണത്തിന്റെ വിശദാംശങ്ങൾ ജില്ലകളിൽ സംയുക്ത യോഗം ചേർന്ന് തീരുമാനിക്കണം. എല്ലാ ജില്ലകളിലും 07.08.2012 ന് വൈകുന്നേരം 5 മണിക്ക് സംഘടനാ നേതാക്കളുടെ സംയുക്തയോഗം ചേരണം. യോഗം വിളിച്ചു ചേർക്കുന്നതിനുള്ള ചുമതലയും സ്ഥലവും നിശ്ചയിച്ചു.

| ജില്ല | ചുമതല | യോഗസ്ഥലം |
|---|---|---|
| തിരുവനന്തപുരം | കെ.എ.ടി.എസ്.എ | ജോയിന്റ് കൗൺസിൽ ഹാൾ |
| കൊല്ലം | കെ.ജി.ഒ.എഫ് | ജോയിന്റ് കൗൺസിൽ ഹാൾ |
| ആലപ്പുഴ | എൻ.ജി.ഒ. യൂണിയൻ | എൻ.ജി.ഒ. യൂണിയൻ ഹാൾ |
| പത്തനംതിട്ട | എൻ.ജി.ഒ. യൂണിയൻ | എൻ.ജി.ഒ. യൂണിയൻ ഹാൾ |
| കോട്ടയം | കെ.ജി.ഒ.എ | എൻ.ജി.ഒ. യൂണിയൻ ഹാൾ |
| ഇടുക്കി | കെ.എ.ടി.എസ്.എ | എൻ.ജി.ഒ. യൂണിയൻ ഹാൾ |
| എറണാകുളം | ജോയിന്റ് കൗൺസിൽ | ജോയിന്റ് കൗൺസിൽ ഹാൾ |
| തൃശൂർ | എ.എ.എ.കെ. | എൻ.ജി.ഒ. യൂണിയൻ ഹാൾ |
| പാലക്കാട് | കെ.ജി.ഒ.എ | കെ.ജി.ഒ.എ. ഹാൾ |
| മലപ്പുറം | എ.എ.എ.കെ. | കെ.ജി.ഒ.എ. ഹാൾ |
| കോഴിക്കോട് | എൻ.ജി.ഒ. യൂണിയൻ | എൻ.ജി.ഒ. യൂണിയൻ ഹാൾ |
| വയനാട് | കെ.ജി.ഒ.എ | കെ.ജി.ഒ.എ. ഹാൾ |
| കണ്ണൂർ | എൻ.ജി.ഒ. യൂണിയൻ | എൻ.ജി.ഒ. യൂണിയൻ ഹാൾ |
| കാസറഗോഡ് | കെ.ജി.ഒ.എ | എൻ.ജി.ഒ. യൂണിയൻ ഹാൾ |

അദ്ധ്യക്ഷൻ